# പ്രവർത്തകരോട്

ഹൽഖാ അമീർ

**സത്യവിശ്വാസികളുടെ** ജീവിതത്തിലെ വസന്തകാലമായ പരിശുദ്ധ റമദാൻ വിടപറയുകയാണ്. അവധി നിർണയിക്കപ്പെട്ട നമ്മുടെ ആയുസ്സിൽ ഒരിക്കൽകൂടി റമദാന്റെ ദിനരാത്രങ്ങൾ ആസ്വദിക്കാനുള്ള സൗഭാഗ്യം നമുക്കുണ്ടാവുമോ? നിശ്ചയമില്ല. അത് മനസ്സാ സമ്മതിച്ചുകൊണ്ടുള്ള അത്യധ്വാനമാണല്ലോ ഈ പുണ്യമാസത്തിൽ നാം നടത്തിയത്. പകൽസമയത്ത് വിശപ്പും ദാഹവും സഹിച്ചു. പാതിരാവിൽ നിന്നു നമസ്കരിച്ചു. വിധിനിർണയരാത്രിയുടെ വെളിച്ചം ആത്മാവിൽ അനുഭവിച്ചു. അല്ലാഹുവിന്റെ കാരുണ്യത്താൽ ജീവിതത്തെ സ്ഫടിക സമാനമാക്കി. പാപങ്ങളുടെ ഭാരം പശ്ചാത്താപത്താൽ ലഘൂകരിച്ചു. സ്വർഗത്തിന്റെ സുഗന്ധം ആസ്വദിക്കുന്നേടത്തോളം 'സ്വിയാമും ഖിയാമും' നമ്മെക്കൊണ്ടെത്തിച്ചു. ഇനി നാഥന്റെ ഉതവിയാൽ 'റയ്യാൻ' എന്ന കവാടത്തിലൂടെയുള്ള സ്വർഗ പ്രവേശമാണ്. അല്ലാഹു നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാവട്ടെ, ആമീൻ.

ഗൗരവമുള്ള ഓർമപ്പെടുത്തലുകൾ നമ്മുടെ ഹൃദയങ്ങളുമായി പങ്കുവെച്ചുകൊണ്ടാണ് റമദാൻ വിടവാങ്ങുന്നത്. നമ്മുടെ നഫ്സിന്റെ പരിധികളെയും പരിമിതികളെയും അടയാളപ്പെടുത്തുന്നു എന്നതാണ് അതിൽ പ്രധാനം. പ്രപഞ്ച നാഥന്റെ ശക്തിയും പ്രതാപവും നമ്മുടെ ഹൃദയത്തിൽ മുദ്രണം ചെയ്യുന്നു റമദാൻ. ജീവിതം ഒരു യാത്രയാണെന്ന് നമ്മെ ഓർമിപ്പിക്കുന്നു. അല്ലാഹുവിലേക്കുള്ള യാത്രയിലെ ഇടത്താവളം മാത്രമായ ഇഹലോക ജീവിതത്തെ സൽപ്രവൃത്തികൾകൊണ്ട് സമ്പന്നമാക്കണമെന്ന വസ്വിയ്യത്താണ് റമദാൻ പ്രദാനം ചെയ്യുന്നത്. ശിഷ്ടകാലത്തേക്കുള്ള നമ്മുടെ ജീവിതയാത്രയിലെ ഇന്ധനമാണ് റമദാന്റെ സദ്ഫലങ്ങൾ.

റമദാൻ പൂർത്തിയാകുമ്പോൾ വിശ്വാസി 'അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്' എന്ന തക്ബീർ മുഴക്കി പെരുന്നാളിന്റെ പുതുപ്രഭാതത്തിന് സ്വാഗതമരുളുന്നു. സന്മാർഗത്തിന്റെ പ്രഭ വിശ്വാസികൾക്ക് ലഭിച്ചതിലുള്ള സന്തോഷമാണ് ഈദ്. 'നിങ്ങൾ നോമ്പിന്റെ എണ്ണം പൂർത്തിയാക്കാനും നിങ്ങളെ നേർവഴിയിലാക്കിയതിന്റെ പേരിൽ നിങ്ങൾ അല്ലാഹുവിന്റെ നാമം പ്രകീർത്തിക്കാനും അവനോട് നന്ദിയുള്ളവരാകാനുമാണിത്' (ഖുർആൻ 2:185). ത്യാഗനിർഭരമായ വ്രതകാലത്തിനുശേഷം ശരീരത്തിന്റെയും മനസ്സിന്റെയും സന്തോഷമാണ് പെരുന്നാൾ. കർണപുടങ്ങളെ പുളകം കൊള്ളിക്കുന്ന തക്ബീർ ധ്വനികൾ, സ്നേഹത്തിന്റെയും ഒരുമയുടെയും പ്രതീകമായ ഹസ്തദാനവും ആശ്ലേഷങ്ങളും, വിഭവ സമൃദ്ധമായ ആഹാരം, സുഗന്ധപൂരിതമായ അന്തരീക്ഷം, നയനമനോഹരമായ പുതുവസ്ത്രങ്ങൾ തുടങ്ങി നമ്മുടെ ശരീരത്തിന്റെ പെരുന്നാൾ സന്തോഷങ്ങൾ ഏറെ ഹൃദ്യമാണ്. മനസ്സ് അപ്പോഴും നാഥന്റെ സാമീപ്യം കൊതിച്ചുകൊണ്ടിരിക്കും. ഈദിന് മടക്കം എന്നൊരു അർഥമുണ്ട്. അല്ലാഹുവിലേക്കുള്ള യാത്രയുടെ വീണ്ടും ഒരു തുടക്കമാവുന്നു ഈദ്.

നോമ്പിൽ നിന്നും പെരുന്നാളിലേക്കുള്ള സഞ്ചാരം വലിയൊരു സന്ദേശം തന്നെയാണ്. വ്രതകാലത്ത് നാം നിശയുടെ നിശബ്ദതയിൽ നാഥനുമായി തനിച്ചിരുന്ന് പ്രാർഥനകൾ അർപ്പിക്കുന്നു. അവസാന സന്ദർഭങ്ങളിൽ പള്ളികളിൽ ഭജനമിരിക്കുന്നു. തക്ബീറും തഹ്‌ലീലും തഹ്മീദും കൊണ്ട് നാഥനുമായി രഹസ്യഭാഷണം നടത്തുന്നു. എന്നാൽ ഇതേ തക്ബീറുകൾ പെരുന്നാൾ ദിനത്തിൽ ചക്രവാളങ്ങളെ പ്രകമ്പനം കൊള്ളിക്കുന്ന മുദ്രാവാക്യങ്ങളാണ്. പെരുന്നാൾ നമസ്കാരം പാതിരാവിലല്ല, പ്രഭാതവേളയിലാണ്. അതും പള്ളികൾക്ക് പുറത്ത് പ്രത്യേകം സജ്ജമാക്കിയ തുറന്ന മൈതാനികളിൽ. റമദാനിൽ നേടിയെടുത്ത ഊർജം പ്രവർത്തനങ്ങളുടെ ചാലകശക്തിയാകണമെന്ന പാഠം പെരുന്നാൾ പറഞ്ഞുതരുന്നു.

റമദാനിൽ വ്യക്തികൾ നേടിയെടുക്കുന്ന ആത്മീയ ശക്തിയും കരുത്തും അതുല്യമാണ്. അത് വ്യക്തികളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യാനുള്ളതല്ല. നേടിയെടുത്ത ആത്മീയശക്തിയെ സാമൂഹിക ശക്തിയായി വികസിപ്പിക്കാൻ കഴിയുമ്പോഴാണ് നാം വിജയം വരിച്ചവരാകുന്നത്. റമദാൻ അവസാനിച്ച രാത്രിയിൽ തന്നെ നിർബന്ധ ബാധ്യതയാവുന്ന കാര്യമാണ് ധാന്യപൊതികളുമായി വീടുകളിൽ കയറിയിറങ്ങുകയെന്നത്. ആരാധനകളിലൂടെ വിജയം കൊയ്തു എന്ന ഭാവേന അടങ്ങിയിരിക്കാതെ അടുത്ത പ്രഭാതത്തിനു മുമ്പുതന്നെ സമൂഹത്തിലേക്ക് ഇറങ്ങണമെന്ന സന്ദേശം അടങ്ങിയിരിക്കുന്നു ഫിത്വർ സകാത്തിൽ. നമസ്കാരമാവുന്ന 'മിഅ്റാജിൽ'നിന്നും നാം വിരമിക്കുന്നത് ഇടത്തും വലത്തുമുള്ള സൃഷ്ടികൾക്ക് 'സലാം' സമ്മാനിച്ചുകൊണ്ടാണ്. സ്രഷ്ടാവിലേക്കുള്ള തീർഥയാത്രയായ നോമ്പും സമാപിക്കുന്നത് സമസൃഷ്ടികൾക്ക് ആശ്വാസവും സമാധാനവുമായാണ്.

'ഒന്നിൽനിന്നും വിരമിച്ചാൽ മറ്റൊന്നിൽ വ്യാപൃതരാവുക' എന്ന ഖുർആൻ വാക്യം ഇസ്‌ലാമിക പ്രവർത്തകരുടെ പ്രവർത്തന നൈരന്തര്യത്തിന്റെ ചൂണ്ടുപലകയാണ്. നമുക്ക് വിശ്രമിക്കാൻ സമയമില്ല. സമൂഹത്തിന്റെ മധ്യത്തിലായിരിക്കണം നമ്മുടെ സ്ഥാനം. അല്ലാഹുവോടുള്ള ബന്ധം സുദൃഢമാക്കുകയും ഒപ്പം ജനങ്ങൾക്കിടയിൽ ജീവിക്കുകയും ചെയ്ത പ്രവാചകന്മാരാണ് നമ്മുടെ മാതൃക. പ്രബോധന പ്രവർത്തനങ്ങളിലും സേവന സംരംഭങ്ങളിലും അടിയുറച്ച് മുന്നേറാനും പീഡിത ജനവിഭാഗങ്ങൾക്കുവേണ്ടി സമരം ചെയ്യാനും റമദാൻ നമുക്ക് പ്രചോദനമാകണം.

സുപ്രധാനമായ ഒരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധക്ഷണിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ്. നാം നടത്താൻ തീരുമാനിച്ച വനിതാസമ്മേളനമാണ് അത്. ഒക്ടോബർ 4 ന് തിരുവനന്തപുരത്ത് സമ്മേളന പ്രഖ്യാപനം നടക്കുന്നതോടെ പ്രവർത്തനങ്ങൾ ഊർജസ്വലമാകണം. നമ്മുടെ മുഴുവൻ സംഘടനാശേഷിയും സമ്മേളന വിജയത്തിനായി വിനിയോഗിക്കണം. കേരളത്തിലെ മറ്റൊരു മഹാ സംഭവമായി വനിതാസമ്മേളനം മാറണം. ഇസ്‌ലാമിക പ്രസ്ഥാനം ആസൂത്രണം ചെയ്ത എല്ലാ പ്രവർത്തനങ്ങളും വിജയിപ്പിക്കുന്നതിൽ അനൽപമായ പങ്കുവഹിച്ച മുഴുവൻ സഹോദരി സഹോദരന്മാർക്കും വേണ്ടി ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. നിങ്ങളുടെ എല്ലാവരുടെയും പ്രാർഥനയിൽ ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പ്രവർത്തന വിജയവും ഉൾപ്പെടണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. അല്ലാഹു അക്ബർ. ■